പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2764

21.6.2012ൽ
മറുപടിയ്ക്ക്

## ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സിവിൽ സപ്ലൈസ് വകുപ്പിലും സപ്ലൈകോയിലും എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട് ; | എ) സിവിൽ സപ്ലൈസ് വകുപ്പിൽ 43 പേർക്ക് എതിരെയും സപ്ലൈകോയിൽ 10 പേർക്ക് എതിരെയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| ബി) ഇവർക്കെതിരെ വകുപ്പ് തലത്തിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | ബി) സിവിൽ സപ്ലൈസ് വകുപ്പിൽ 36 ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചു. ഇവരിൽ 11 ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 25 ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകുകയും ചെയ്തു. സപ്ലൈകോയിൽ 7 ജീവനക്കാർക്ക് എതിരെ നടപടി തുടർന്നു വരുന്നു. 2 പേരെ പിരിച്ചുവിടുകയും ഒരാളുടെ കേസ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വിജിലൻസ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചത് ; | സി) 1. ശ്രീ. ടി.ജി. വേണുഗോപാൽ, റേഷനിംഗ് ഇൻസ്പെക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്.<br>2. ശ്രീമതി. ടി. മണിയമ്മ അസിസ്റ്റന്റ് സെയിൽസ് വുമൺ, സപ്ലൈകോ. |
| ഡി) ട്രിബ്യൂണൽ ഉത്തരവ് പ്രകാരം എന്തൊക്കെ ശിക്ഷാ നടപടികൾ നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ ? | ഡി) രണ്ടു പേരെയും സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. |

സെക്ഷൻ ഓഫീസർ